കേരള സർക്കാർ

തൊഴിലും പുനരധിവാസവും (ഇ ) വകുപ്പ്

## വിജ്ഞാപനം

ജി. ഒ(എം.എസ്) നമ്പർ.132/2010/തൊഴിൽ *തിരുവനന്തപുരം,* 2010 നവംബർ 6

എസ്.ആർ.ഒ.നമ്പർ.1015/2010.- 1948-ലെ മിനിമം വേജസ് ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (എ) ഖണ്ഡം 5-ാം വകുപ്പ് (2)-ാം ഉപവകുപ്പുമായി കൂട്ടിവായിച്ച പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചു കൊണ്ടും 2009 മേയ് 25-ാം തീയതിയിലെ 929-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2009 മേയ് 20-ാം തീയതിയിലെ 1960/ഇ1/2007/തൊഴിൽ എന്ന നമ്പരായി പ്രസിദ്ധീകരിച്ച പ്രാഥമിക വിജ്ഞാപനത്തിന്മേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും പ്രസ്തുത ആക്ടിന്റെ 7-ാം വകുപ്പ് പ്രകാരം രൂപീകരിച്ച മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശവും പരിഗണിച്ച ശേഷവും, കേരള സർക്കാർ, കേരള സംസ്ഥാനത്തെ വസ്ത്ര നിർമ്മാണ വ്യവസായ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞകൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്ന പ്രകാരം ഇതിനാൽ നിശ്ചയിക്കുകയും ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയതി മുതൽ പ്രസ്തുത നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയായി നിശ്ചയിക്കുകയും ചെയ്യുന്നു.

<u>പട്ടിക</u>

1.അടിസ്ഥാന ശമ്പളം

| ക്രമ നമ്പർ | ജോലി | നിശ്ചയിക്കുന്ന പ്രതിമാസ വേതനം രൂപ |
|---|---|---|
| | എ. <u>സാങ്കേതിക വിഭാഗം</u> | |
| 1. | പ്രൊഡക്ഷൻ മാനേജർ | 5720 |
| 2. | സൂപ്പർവൈസർ/കട്ടർ-കം-പാറ്റേൺ മേക്കർ ഗ്രേഡ് I | 5170 |
| 3. | കട്ടർ-കം-പാറ്റേൺ മേക്കർ ഗ്രേഡ് II | 4720 |
| 4. | മെഷീൻ ഓപ്പറേറ്റർ ഗ്രേഡ് I/ ഖാജാ ബട്ടൻ ഓപ്പറേറ്റർ/ബട്ടണിംഗ് മെഷീൻ ഓപ്പറേറ്റർ/ബാർടെക് ഓപ്പറേറ്റർ/ടെയ്ലർ ഗ്രേഡ് I /സ്വിയിംഗ് മെഷീൻഓപ്പറേറ്റർ ഗ്രേഡ് I/അസിസ്റ്റന്റ് കട്ടർ | 4290 |

| | | |
|---|---|---|
| 5. | അയേൺമാൻ/പ്രസ്സർ ഗ്രേഡ് I | 3900 |
| 6. | ചെക്കർ ഗ്രേഡ് I/ അയേൺമാൻ/പ്രസ്സർ ഗ്രേഡ് II | 3770 |
| 7. | മെഷീൻ ഓപ്പറേറ്റർ ഗ്രേഡ് II /ടെയ്ലർ ഗ്രേഡ് II/സ്യൂയിംഗ് മെഷീൻഓപ്പറേറ്റർ ഗ്രേഡ് II /ലെയർ/ഫാബ്രിക്ക് ചെക്കർ/ഫീഡിംഗ് അസിസ്റ്റന്റ്/ലോൺഡ്രി മെഷീൻ ഓപ്പറേറ്റർ/ബാച്ച്ചെക്കർ/ ട്രിമ്മർ /പായ്ക്കർ | 3380 |
| 8. | ഹെൽപ്പർ | 3000 |
| | **ബി. ഓഫീസ് വിഭാഗം** | **രൂപ** |
| 1. | മാനേജർ | 5720 |
| 2. | കാഷ്യർ/ക്ലാർക്ക്/ സ്റ്റോർ കീപ്പർ | 4450 |
| 3. | അക്കൗണ്ടന്റ്/ടൈപ്പിസ്റ്റ്/ ടൈം കീപ്പർ | 4160 |
| 4. | ഡ്രൈവർ | 4400 |
| 5. | സെക്യൂരിറ്റി/വാച്ച്മാൻ | 3000 |
| 6. | സ്വീപ്പർ | 2800 |

പട്ടികയിൽ പറഞ്ഞിട്ടുള്ള ഗ്രേഡ് I, തസ്തികകളിലേക്ക് തൊഴിലുടമയ്ക്ക് യഥേഷ്ടം നിയമനം നടത്താവുന്നതാണ്. എന്നാൽ ഒരു തസ്തികയിൽ തുടർച്ചയായി 5 വർഷത്തിൽ കുറയാതെ ജോലി ചെയ്യുന്ന തൊഴിലാളിയെ ഗ്രേഡ് 1, തസ്തികയിൽ ഉൾപ്പെടുത്തി ഗ്രേഡ് 1 തസ്തികയുടെ വേതനം നൽകേണ്ടതാണ്.

**2. പീസ് റേറ്റ്**

| ക്രമ നമ്പർ | ജോലി (ഇനം) | നിശ്ചയിക്കുന്ന അടിസ്ഥാന വേതനം (രൂപ) | ഒരു ദിവസത്തെ അദ്ധ്വാനഭാരം (എണ്ണം) |
|---|---|---|---|
| 1 | 2 | 3 | 4 |
| | **തയ്യൽ ജോലികൾ** | | |
| 1. | പാന്റ്സ് | ഒന്നിന് 50.00 | 4 |
| 2. | ഷർട്ട് ഫുൾ സ്ലീവ് | ഒന്നിന് 30.00 | 6 |
| | ഷർട്ട് ഹാഫ് സ്ലീവ് | ഒന്നിന് 25.00 | 7 |

കുറിപ്പ്: തൊഴിലാളി ബട്ടൺഹോൾ, ബട്ടൺ വെയ്ക്കൽ ഒഴികെ എല്ലാ ജോലികളും തീർക്കണം

| | | | |
|---|---|---|---|
| 3. | ബ്ലൗസ് (സാധാരണ) | ഒന്നിന് 20.00 | 7 |
| | ലെയ്സ്, ലൈനിംഗ് വച്ച് | ഒന്നിന് 25.00 | 6 |

കുറിപ്പ്: തൊഴിലാളി ബട്ടൺ, ഹുക്സ് വയ്ക്കൽ ഒഴികെ എല്ലാ ജോലികളും തീർക്കണം

| | | | |
|---|---|---|---|
| 4. | ചുരിദാർ (കോട്ടൺ തുണി) (22 " സൈസോ അതിൽ കൂടുതലോ) | | |
| | സാധാരണ | ഒന്നിന് 35.00 | 5 |
| | മോഡൽ/ഡിസൈനിൽ | ഒന്നിന് 40.00 | 4 |

കുറിപ്പ്: കോട്ടൺ അല്ലാത്ത തുണികൊണ്ട് തയ്ക്കുന്നതിന് 10 ശതമാനം വേതനം കൂടുതൽ നൽകണം

| | | | |
|---|---|---|---|
| 5. | അംബ്രല്ലാ സ്കർട്ട് സാധാരണ | ഒന്നിന് 3.50 | 36 |
| | മോഡൽ/ഫ്രിൽ വച്ച് | ഒന്നിന് 4.50 | 28 |
| 6. | മാക്സി/നൈറ്റി | | |
| | സാധാരണ | ഒന്നിന് 12.00 | 15 |
| | മോഡൽ/ഡിസൈനിൽ | ഒന്നിന് 15.00 | 12 |

കുറിപ്പ്: 1 മുതൽ 6 വരെ എല്ലാ ഇനങ്ങൾക്കും തയ്യൽക്കാർക്ക് തുണി അനുയോജ്യമായി മുറിച്ചു കൊടുക്കേണ്ടതാണ്.

| | | | |
|---|---|---|---|
| 7. | ബ്രാസിയേഴ്സ് | ഒരു ഡസന് 60 രൂപ | 3 ഡസൻ |
| 8. | പാന്റീസ് | ഒരു ഡസന് 60 രൂപ | 3 ഡസൻ |

3. ഗ്യാരന്റീഡ് മിനിമം വേജ്: പീസ് റേറ്റ് തൊഴിലാളികൾക്ക് ഗ്യാരന്റീഡ് മിനിമം വേതനമായി ഒരു ദിവസം 90 രൂപ നൽകേണ്ടതാണ്.

4. ക്ഷാമബത്ത:- മേൽ വിവരിച്ച അടിസ്ഥാനശമ്പളത്തിനു പുറമേ എല്ലാ തൊഴിലാളികൾക്കും കേരള സർക്കാരിന്റെ എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഓരോ ജില്ലാ കേന്ദ്രങ്ങൾക്കും വേണ്ടി ഓരോ മാസവും പ്രസിദ്ധീകരിക്കുന്ന 1998-99=100 എന്ന പുതിയ സീരിസിലെ ഉപഭോക്തൃവില സൂചികയിലെ 130 പോയിന്റിനു മേലെയുള്ള ഓരോ പോയിന്റിനും പ്രതിമാസം 21 രൂപ 32 പൈസ (ഇരുപത്തി ഒന്ന് രൂപ മുപ്പത്തി രണ്ട് പൈസ) നിരക്കിലും പീസ് റേറ്റ് തൊഴിലാളികൾക്ക് 130 പോയിന്റിനു മേലെയുള്ള ഓരോ പോയിന്റിനും 82 പൈസ (എൺപത്തി രണ്ട് പൈസ) നിരക്കിലും ക്ഷാമബത്ത നൽകേണ്ടതാണ്.

വയനാട്, ഇടുക്കി ജില്ലാ കേന്ദ്രങ്ങൾക്കു വേണ്ടി ഉപഭോക്തൃവില സൂചിക പ്രസിദ്ധീകരിക്കുന്നില്ല എന്നതിനാൽ വയനാട് ജില്ലയ്ക്ക് മേപ്പാടി കേന്ദ്രത്തിന്റേയും ഇടുക്കി ജില്ലയ്ക്ക് മൂന്നാർ കേന്ദ്രത്തിന്റേയും വിലസൂചിക കണക്കാക്കി ക്ഷാമബത്ത കൊടുക്കേണ്ടതാണ്.

പീസ് റേറ്റ് തൊഴിലാളികൾക്ക് ക്ഷാമബത്തയ്ക്ക് അർഹത നേടാൻ അതത് വിഭാഗത്തിന് നിശ്ചയിച്ച അദ്ധ്വാനഭാരം പൂർത്തീകരിക്കേണ്ടതാണ്. ഒരു ആഴ്ചയിലെ പൂർത്തീകരിച്ച മൊത്തം അദ്ധ്വാനഭാരം കണക്കാക്കി പരമാവധി 6 ക്ഷാമബത്തയും ഒരു ദിവസത്തെ നിശ്ചിത അദ്ധ്വാനഭാരം പൂർത്തീകരിച്ചാൽ ഒരു ക്ഷാമബത്തയ്ക്കുമാണ് അർഹത.

5. <u>ദിവസ വേതനം:-</u> ഏതെങ്കിലും തൊഴിലാളിക്ക് ദിവസവേതനം കണക്കാക്കേണ്ടി വരികയാണങ്കിൽ ക്ഷാമബത്തയടക്കമുള്ള മൊത്തം വേതനത്തെ 26 കൊണ്ട് ഭാഗിച്ച് കണക്കാക്കേണ്ടതാണ്.

6. ഈ വിജ്ഞാപനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനേക്കാൾ ഉയർന്ന നിരക്കിലുള്ള വേതനം ഏതെങ്കിലും തൊഴിലാളിക്ക് ലഭിക്കുന്നുണ്ടെങ്കിൽ അപ്രകാരമുള്ള ഉയർന്ന വേതനം തന്നെ തുടർന്നും ലഭിക്കുവാനർഹത ഉണ്ടായിരിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. ബി. വത്സല കുമാരി

ഗവൺമെന്റ് സെക്രട്ടറി

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാകുന്നു.)

കേരള സംസ്ഥാനത്തെ വസ്ത്ര നിർമ്മാണ വ്യവസായ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിന് 1948 ലെ മിനിമം വേജസ് ആക്ടിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം 2009 മേയ് 20-ാം തീയതിയിലെ 1960/ഇ1/2007/തൊഴിൽ എന്ന നമ്പർ പ്രാഥമിക വിജ്ഞാപനത്തിന്മേൽ ലഭിച്ച ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ടും മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശം പരിഗണിച്ച ശേഷവും പ്രസ്തുത മേഖലയിലെ ഏറ്റവും കുറഞ്ഞകൂലി നിരക്കുകൾ നിശ്ചയിക്കുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

**GOVERNMENT OF KERALA**
**Labour and Rehabilitation (E) Department**
**NOTIFICATION**

**G.O(MS)No.132/2010/LBR** **Dated, Thiruvananthapuram 06th November 2010**

S.R.O. /2010. - In exercise of the powers conferred by clause (a) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act 11 of 1948) read with sub-section (2) of section 5 thereof, the Government of Kerala after considering the objections and suggestions received on the draft proposal published in notification No. 1960/E1/2007/LBR dated 20th May, 2009 in the Kerala Gazette Extraordinary No. 929 dated 25th May 2009 and in consultation with the Minimum Wages Advisory Board constituted under section 7 of the said Act, hereby fix the Minimum rates of wages payable to the employees employed in the Garment Manufacturing Sector in the State of Kerala as specified in the schedule hereto annexed and fix the date of publication of this notification in the Gazette as the date from which the rates shall come into force.

***SCHEDULE***

**1. Basic Wages**

| Sl. No | Work | Monthly Wages in rupees |
|---|---|---|
| | A. Technical Category | |
| 1. | Production Manager | 5720 |
| 2. | Supervisor/Cutter-cum-pattern maker grade I | 5170 |
| 3. | Cutter-cum-pattern maker grade II | 4720 |
| 4. | Machine operator Grade I/ Khaja button operator/Buttoning machine operator/Bartech operator/Tailor GradeI/ Sewing machine operator gradeI/ Assistant cutter | 4290 |
| 5. | Iron man/Presser Grade I | 3900 |
| 6. | Checker Grade I/ Iron man/Presser Grade II | 3770 |
| 7. | Machine operator Grade II/ Tailor GradeII/ Sewing machine operator gradeII/ layer/Fabric checker/Feeding Assistant/ Laundry Machine operator/ Batch checker/ Trimmer/Packer | 3380 |
| 8. | Helper | 3000 |

B. Office Category

| | | |
|---|---|---|
| 1. | Manager | 5720 |
| 2. | Cashier/Clerk/Store keeper | 4450 |
| 3. | Accountant/Typist/Time keeper | 4160 |
| 4. | Driver | 4400 |
| 5. | Security/Watchman | 3000 |
| 6. | Sweeper | 2800 |

The employer can appoint workers directly to Grade I categories, but the workers who have not less than five years continuous service in the same cadre shall be paid wages of Grade I category.

**2. Piece rate**

| Sl. No | Work (Item) | Basic wages(Rs) | Work load per day (in nos) |
|---|---|---|---|
| 1 | 2 | 3 | 4 |
| | ***Stitching Work*** | | |
| 1. | Pants | 50.00 per one | 4 |
| 2. | Shirt Full Sleeve | 30.00 per one | 6 |
| | Shirt Half Sleeve | 25.00 per one | 7 |

Note:- The employees shall complete works except button hole and hook fitting

| | | | |
|---|---|---|---|
| 3. | Blouse (Ordinary) | 20.00 per one | 7 |
| | Lace, with lining | 25.00 per one | 6 |

Note:- The employees shall complete works except button hole and hook fitting

| | | | |
|---|---|---|---|
| 4. | Churidar (cotton material) (22 size and above) | | |
| | Ordinary | 35.00 per one | 5 |
| | Model/Design | 40.00 per one | 4 |

Note :- For the work done in clothes other than cotton cloth, 10% in addition to the above rate shall be given.

| | | | |
|---|---|---|---|
| 5. | Umbrella Skirt Ordinary | 3.50 per one | 36 |
| | Model/ with frill | 4.50 per one | 28 |
| 6. | Maxi/ Nighty | | |
| | Ordinary | 12.00 per one | 15 |
| | Model/Design | 15.00 per one | 12 |

Note :- The clothes shall be given after size cutting for stitching in the above 6 cases.

| | | | |
|---|---|---|---|
| 7. | Braziers | Rs. 60 for 1 dozen | 3 dozen |
| 8. | Panties | Rs. 60 for 1 dozen | 3 dozen |

**3. Guaranteed Minimum Wages:-** Piece rated employees are eligible for Guaranteed Minimum wages of Rs. 90 per day.

**4. Dearness Allowance:-** In addition to the basic wages, all employees are entitled to be paid Dearness Allowance calculated on the basis of the Consumer Price Index Number in respect of concerned District Headquarter centers published by the Department of Economics and Statistics, Government of Kerala for each month at the rate of Rs. 21.32 (Rupees Twenty one and Thirty two paise) per point above 130 points in the new series 1998-99=100 and piece rated employees at the rate of 82 (eighty two) paise per point above 130 points in the new series.

As there is no separate price index is published for Wayanad and Idukki Districts, the Dearness Allowance shall be calculated and paid on the basis of the Consumer Price Index Numbers published for Meppadi and Munnar centres respectively.

The piece rated workers are eligible for Dearness Allowance, when the work allotted to them are completed. The work turn over in a week may be reckoned together and DA shall be paid at the rate of 1 DA per one day's work load subject to a maximum of 1 DA for a day and 6 DA for a week.

5. The daily wages is calculated, in respect of workers for whom monthly wages are paid, by dividing his total wages including Dearness Allowance by 26.

6. The workers who are actually in receipt of wages higher than the minimum rates of wages fixed as per this notification shall continue to get the benefit of such higher wages.

**By order of the Governor,**

K.B. Valsala Kumari

Secretary to Government.

Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

Government have decided to fix the minimum rates of wages payable to the employees employed in Garment Manufacturing Sector in the State of Kerala after considering the objections and suggestions received on the preliminary notification issued as No. 1960/E1/2007/LBR dated 20th May, 2009 as provided under clause (b) of sub-section (1) of section 5 of the Minimum Wages Act, 1948 and in consultation with the Minimum Wages Advisory Board.

This notification is intended to achieve the above object.